

# SNMC Prayer Book



## ഗുരുപൂജ / ചതയപൂജ / പ്രാർത്ഥന

# SNMC Prayer Book



## ഗുരുപൂജ / ചതയപൂജ / പ്രാർത്ഥന

# Table of Contents


01. ദീപാർപ്പണം 1
02. ‘ഓം’ കാരം 1
03. ധ്യാനം 1
04. ധ്യാനാവസാനം 2
05. ഗുരു ധ്യാനം 2
06. ശ്രീനാരായണ ഗുരുദേവാ 2
07. ഗുരുപുഷ്പാഞ്ജലി മന്ത്രം – ധ്യാനശ്ലോകം 2
08. 108 ഗുരുപുഷ്പാഞ്ജലി മന്ത്രങ്ങൾ 2
09. വിരാമധ്യാനം 6
10. ഫലസങ്കൽപം 6
11. ഗുരുഷ്ടകം 6
12. ആരതി 7
13. വിവിധ കീർത്തനങ്ങൾ 8
    - ശ്രീഗണാധിപ 8
    - ഗുരുസ്തവം 8
    - ഈശ്വരാ ശ്രീനാരായണ 9
    - ശംഭോ മഹാദേവ 10
    - സ്വാമിശരണം 11
    - രാമ രാമ 12
    - കൃഷ്ണ കൃഷ്ണ 13
14. ഈശരപ്രാർത്ഥന 14
15. ഭവന പ്രാർത്ഥന 14
16. ഗദ്യപ്രാർത്ഥന 15
17. പ്രഭാഷണം / ഗുരുദേവ ജീവചരിത്ര പാരായണം 15
17a. മോക്ഷപ്രാർത്ഥന 16
18. ദൈവദശകം 17
19. സമർപ്പണം 18

# 1. ദീപാർപ്പണം

വിളക്ക് തെളിയിക്കുന്ന സമയത്ത് ആലപിക്കേണ്ടത്

ഭാവ ബന്ധമൊടു സത്യരൂപനാം
ദേവ, നിൻമഹിമയാർന്ന കോവിലിൽ
പാവന പ്രഭയൊഴും വിളക്കിതാ
സാവധാനമടിയൻകൊളുത്തിനേൻ

അല്പമെങ്കിലും അതിൽപ്രഭാങ്കുരം
സൽപതേ, യിരുൾതുരന്നുമെല്ലവേ
ശില്പരമ്യ പദപീഠഭൂവിൽനി–
ന്നുല്പതിച്ചു തിരുമെയ്യിലെത്തണേ !

സ്ഥേമയാർന്ന മണിഭൂഷണത്തിലും
തൂമനോജ്ഞ മലർമാല തന്നിലും
ഹേമവിഗ്രഹമരീചി തേടുമീ
കോമളപ്രഭതിളങ്ങണേ വിഭോ !

മാറ്റി നിൻമുഖരസം മറിച്ചിതിൽ
പോറ്റി പുൽകരുതു ധൂമരേഖകൾ
മാറ്റിയന്ന മണിവാതിലൂടെഴും
കാറ്റിലാടരുതിതിൻശിഖാഞ്ചലം

ചീർത്തിതിന്നൊളി തെളിഞ്ഞു പൊങ്ങിനെയ് –
വാർത്തിടായ് കിലുമെരിഞ്ഞു മേല്ക്കുമേൽ
നേർത്തിതീശമിഴിയഞ്ചിടുന്ന നിൻ
മൂർത്തി മുൻപു നിഴൽനീങ്ങി നിൽക്കണേ !

(മഹാകവി കുമാരനാശാൻരചിച്ചത്)

# 2. 'ഓം' കാരം

എല്ലാവരും കൂടി 9 പ്രാവശ്യം 'ഓം' കാരം ജപിക്കുക

# 3. ധ്യാനം

മൂന്ന് മിനിറ്റ് കണ്ണടച്ച് നിശ്ശബ്ദമായിരിക്കുക

## 4. ധ്യാനാവസാനം

പ്രാർത്ഥന നയിക്കുന്ന ആൾ3 പ്രാവശ്യം 'ഓം' ചൊല്ലി ധ്യാനം അവസാനിപ്പിക്കുക

## 5. ഗുരു ധ്യാനം

നാലുവരി – ചൊല്ലിക്കൊടുക്കുന്നത് ഏറ്റുപാടുക

ഓം ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു
ഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുസാക്ഷാത് പരം ബ്രഹ്മാ
തസ്മൈ ശ്രീഗുരവേ നമഃ

## 6. ശ്രീനാരായണ ഗുരുദേവാ

ചൊല്ലിക്കൊടുക്കുന്നത് ഏറ്റുപാടുക

ശ്രീനാരായണ ഗുരുദേവ, ശിവനാരായണ ഗുരുദേവാ
ശ്രീനാരായണ, ശിവനാരായണ, ജയനാരായണ ഗുരുദേവാ

## 7. ഗുരുപുഷ്പാഞ്ജലി മന്ത്രം – ധ്യാനശ്ലോകം

ഓം ഹംസാഭ്യാം പരിവൃത്തപത്ര
കമലേ, ദിവ്യേ ജഗദ്ക്കാരണം
വിശോത്കീർണമനേകദേഹനിലയം
സ്വച്ഛന്ദമാനന്ദകം

ആദ്യന്തൈകമഖണ്ഡചിത്ഘനരസം
പൂർണ്ണം ഹ്യനന്തം ശുഭം
പ്രത്യാക്ഷാക്ഷര വിഗ്രഹം ഗുരുപദം
ധ്യായേത് വിഭും ശാശ്വതം

## 8. 108 ഗുരുപുഷ്പാഞ്ജലി മന്ത്രങ്ങൾ

1. ഓം ശ്രീനാരായണപരമഗുരുവേ നമഃ
2. ഓം സംസാരതാപശമനായ നമഃ
3. ഓം മനുഷ്യവിഗ്രഹായ നമഃ
4. ഓം സത്ത്വഗുണോത്തമായ നമഃ

5. ഓം പ്രഹൃഷ്ടാത്മനേ നമഃ
6. ഓം വീതരാഗഭയക്രോധശോകമോഹമാനസായ നമഃ
7. ഓം അവ്യയായ നമഃ
8. ഓം നിർമ്മലായ നമഃ
9. ഓം നിഗമാന്തജ്ഞായ നമഃ
10. ഓം ആജ്ഞാനുവർത്തിലോകായ നമഃ
11. ഓം സച്ചിദാനന്ദസ്വരൂപായ നമഃ
12. ഓം അഗ്രാഹ്യായ നമഃ
13. ഓം ദേഹാത്മബുദ്ധിനിഹന്ത്രേ നമഃ
14. ഓം നാശിതാശേഷകല്മഷായ നമഃ
15. ഓം ഭക്തിസംയുക്തായ നമഃ
16. ഓം സ്ഥൂലസൂക്ഷ്മകാരണശരീരാതിരിക്തായ നമഃ
17. ഓം കാരുണ്യസംപൂർണ്ണായ നമഃ
18. ഓം ബാഹ്യകർമ്മേന്ദ്രിയാതിരിക്തായ നമഃ
19. ഓം സഗുണപൃഥ്യാദി ഭൂതോത്തരായ നമഃ
20. ഓം അവസ്ഥാത്രയസാക്ഷിണേ നമഃ
21. ഓം ദേവതിര്യങ് മനുഷ്യാവിച്ഛിന്നാത്മനേ നമഃ
22. ഓം അവബോധിതമായാമയ പ്രപഞ്ചായ നമഃ
23. ഓം അന്നമയാദികോശവിലക്ഷണായ നമഃ
24. ഓം വർണ്ണാശ്രമാദ്യാചാരവ്യവഹാര പരാങ് മുഖായ നമഃ
25. ഓം സർവ്വജ്ഞായ നമഃ
26. ഓം സർവ്വശക്തായ നമഃ
27. ഓം ആർത്താത്തിഹരണായ നമഃ
28. ഓം ആനന്ദദായകായ നമഃ
29. ഓം വാസ്തവജ്ഞാനതൃപ്തായ നമഃ
30. ഓം ദൃക് രൂപായ നമഃ
31. ഓം ജഡബോധവിവർജ്ജിതായ നമഃ
32. ഓം സർവമുക്തായ നമഃ
33. ഓം സൽകൃത്യജ്ഞാനദാനോത്ക്കർഷായ നമഃ
34. ഓം അജ്ഞാനവിനാശിതവിജ്ഞാനായ നമഃ
35. ഓം ഭിക്ഷാന്ന വിഭക്ത്രേ നമഃ
36. ഓം യഥാർത്ഥ ജ്ഞാനാദായ നമഃ
37. ഓം ഭ്രാന്തിജ്ഞാനവിനാശകായ നമഃ
38. ഓം ലോകവർത്തിനേ നമഃ

39. ഓം വിപരീതഗതിഹന്ത്രേ നമഃ
40. ഓം സത്യമാർഗ്ഗ പ്രദായകായ നമഃ
41. ഓം ഭക്താമോദപ്രദായകായ നമഃ
42. ഓം പൂർണ്ണാദ്വൈതനിരൂപാധികപരബ്രഹ്മവിദേ നമഃ
43. ഓം ക്ഷണപ്രഭാവബുദ്ധഭോഗായ നമഃ
44. ഓം ബാഹ്യേന്ദ്രിയ വ്യത്യുദാസീനായ നമഃ
45. ഓം ആത്മനിഷ് ഠാപരായ നമഃ
46. ഓം തുഷ് ഠായ നമഃ
47. ഓം മായാവൃത്തിരഹിതായ നമഃ
48. ഓം ആനന്ദസ്വരൂപായ നമഃ
49. ഓം ജ്ഞാനാമൃതപ്രദാത്രേ നമഃ
50. ഓം സർവ്വലോകപ്രപൂജിതായ നമഃ
51. ഓം ഇന്ദ്രിയാർത്ഥരതിരഹിതായ നമഃ
52. ഓം ആത്മാനന്ദവിലീനാത്മനേ നമഃ
53. ഓം നിഷ്കളാത്മനേ നമഃ
54. ഓം ജൻമനാശരഹിതായ നമഃ
55. ഓം ഉത്തീർണ്ണഭവാർണ്ണവായ നമഃ
56. ഓം നിശ്ചലായ നമഃ
57. ഓം ബ്രഹ്മഭിന്നവസ്തുബോധഹീനായ നമഃ
58. ഓം ശൈവാദിമതഭേദരഹിതായ നമഃ
59. ഓം നിർവാപിതമാനസികമലായ നമഃ
60. ഓം മോക്ഷോപദേശപ്രദായകായ നമഃ
61. ഓം ദുരാശാദിദുർഗ്ഗുണദൂരായ നമഃ
62. ഓം ജൻമകാരണപ്രദർശകായ നമഃ
63. ഓം വിഷയവീചിഭ്രാന്താശയനാശകായ നമഃ
64. ഓം ത്രികാലജ്ഞായ നമഃ
65. ഓം നിവാരണചേതസേ നമഃ
66. ഓം യോഗീന്ദ്രവര്യായ നമഃ
67. ഓം കൃപാർദ്രഹൃദയായ നമഃ
68. ഓം അഘൗഘനാശകായ നമഃ
69. ഓം പ്രാഗ്ഭാവാദിസാക്ഷിണേ നമഃ
70. ഓം ശിഷ്യാബ്ജഭാസ്കരായ നമഃ
71. ഓം അജ്ഞാനാന്ധജ്ഞാനദൃഷ്ടിപ്രദായകായ നമഃ
72. ഓം ക്ഷണഭംഗുരവിഷയവിരക്തായ നമഃ

73. ഓം കാമാദിജന്യഭൂതദേഹബോധായ നമഃ
74. ഓം നിത്യാത്മനേ നമഃ
75. ഓം പ്രകാശിതനിത്യാത്മബോധായ നമഃ
76. ഓം അജ്ഞജന്മനിഷ്ഫലബോധായ നമഃ
77. ഓം ദർശനമാത്രഭഗവദ്ധ്യാനവാസനപ്രദായകായ നമഃ
78. ഓം ദേഹമോഹവിനിർമുക്തായ നമഃ
79. ഓം പരാക്ഷേപവിഹീനായ നമഃ
80. ഓം ജ്ഞാനപ്രസംഗപ്രഹൃഷ്ടാത്മനേ നമഃ
81. ഓം ശ്രുതിസിദ്ധബ്രാഹ്മണായ നമഃ
82. ഓം വിബോധിതവർണ്ണധർമ്മായ നമഃ
83. ഓം പ്രമോദിതസജ്ജനായ നമഃ
84. ഓം ശുദ്ധജ്ഞാനഘനാചാര്യായ നമഃ
85. ഓം സങ്കൽപ്പോത്ഥസർവലോകവീക്ഷകായ നമഃ
86. ഓം നിധിധ്യാസിതവ്യായ നമഃ
87. ഓം കാലത്രയസമ്പൂർണ്ണായ നമഃ
88. ഓം അഖണ്ഡവസ്തുജ്ഞായ നമഃ
89. ഓം സർവ്വോത്തമസുഖദായ നമഃ
90. ഓം പ്രാണിഹിംസാപരാങ് മുഖായ നമഃ
91. ഓം സ്നേഹസ്വരൂപായ നമഃ
92. ഓം സംസാരരോഗഭിഷജേ നമഃ
93. ഓം ബ്രാഹ്മണത്വാദിജാതിരഹിതായ നമഃ
94. ഓം സ്വയം പ്രകാശാഖണ്ഡബോധായ നമഃ
95. ഓം സത്യാഗിരേ നമഃ
96. ഓം ശിവായ നമഃ
97. ഓം സമ്പൂർണ്ണ ചൈതന്യായ നമഃ
98. ഓം സ്വായത്തമനസ്കായ നമഃ
99. ഓം ധർമ്മസംസ്ഥാപകായ നമഃ
100. ഓം വിഷയവിരക്തായ നമഃ
101. ഓം സ്വസ്വരൂപജ്ഞാനഭ്രാന്തിനിവാരകായ നമഃ
102. ഓം സ്വപരപ്രമോധപരകർമ്മണേ നമഃ
103. ഓം അകൃത്യ പരാങ് മുഖപ്രസംഗായ നമഃ
104. ഓം ഭക്തവൽസലായ നമഃ
105. ഓം സ്വാനുഭോക്തവ്യപുണ്യപാപബോധായ നമഃ
106. ഓം പ്രിണിതാത്ഥിനേ നമഃ

107. ഓം വിദ്യാസംവിദേ നമഃ
108. ഓം അഖണ്ഡസച്ചിദാനന്ദസ്വരൂപായ നമഃ

# 9. വിരാമധ്യാനം

വിശ്വംവ്യാപിനമാദി ദേവമമലം നിത്യം പരം നിഷ്കളം
നിത്യോദ്ബുദ്ധ സഹസ്രപത്ര കമലേ തുർദ്ധ്വാക്ഷരേ മണ്ഡപേ
നിത്യാനന്ദമയം സുഖൈകനിലയം സത്യം ശിവം സ്വപ്രഭം
ധ്യായേദ്ധംസ പദം പരാത്പരതരം സ്വച്ഛന്ദസർവ്വാഗമം

# 10. ഫലസങ്കൽപം

ഓം ഭഗവൻശ്രീനാരായണ പരമഗുരോ,
(......................... ) നക്ഷത്രജാതസ്യ, (......................... ) നാമധേയായ
സമസ്തദുരിതക്ഷയാർത്ഥം ആയുരാരോഗ്യസുഖലാഭാർത്ഥം,
മാനസികരാഗദ്വേഷാദിവിനിർമ്മുക്തൃർത്ഥം,
സദാസത്ഗുരുഭക്ത്യാഭിവൃദ്ധ്യർത്ഥം, സാധുജനപരിചര്യാർത്ഥം
ദേഹാന്തേനിരതിശയാനന്ദാ പരബ്രഹ്മ സായൂജ്യ പ്രാപ്യാർത്ഥം
ജ്ഞാനാനുഗ്രഹാൽ, സമ്പ്രദാതും പുഷ്പാഞ്ജലീം സമർപ്പയാമി
സർവാഭീഷ്ട പ്രദായിൽ! പ്രസീദ! പ്രസീദ! പ്രസീദ!

# 11. ഗുരുഷ്ടകം

### ധ്യാനം

ഓം ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു
ഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുസാക്ഷാത് പരം ബ്രഹ്മാ
തസ്മൈ ശ്രീഗുരവേ നമഃ

### ഗുരുഷ്ടകം

ഓം ബ്രഹ്മണേ മൂർത്തിമതേ,
ശ്രീതാനാം ശുദ്ധിഹേതവേ

നാരായണ യതീന്ദ്രായ
തസ്മൈ ശ്രീഗുരവേ നമഃ

നമോ ഭഗവതേ നിത്യ–
ശുദ്ധമുക്തമഹാത്മനേ
നാരായണ യതീന്ദ്രായ
തസ്മൈ ശ്രീഗുരവേ നമഃ

മഹനീയചരിത്രായ
മമതാരഹിതാത്മനേ
നാരായണ യതീന്ദ്രായ
തസ്മൈ ശ്രീഗുരവേ നമഃ

ശിശിരി കുർവതേ ശാന്തൈഃ
കടാക്ഷൈഃ ശിഷ്യസഞ്ചയാൻ
ബ്രഹ്മവിദ്യകോവിദായ
തസ്മൈ ശ്രീഗുരവേ നമഃ

വാദിനാം വാദിനേ വാചം–
യമാനാം മൗനഭാജിനേ
സർവ്വലോകാനുരൂപായ
തസ്മൈ ശ്രീഗുരവേ നമഃ

യസ്യനഃ കൽപതേസിദ്ധ്യൈ
പാദാംബുജരജോലവഃ
നാരായണ യതീന്ദ്രായ
തസ്മൈ ശ്രീഗുരവേ നമഃ

ഓം ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു
ഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുസാക്ഷാത് പരം ബ്രഹ്മാ
തസ്മൈ ശ്രീഗുരവേ നമഃ

## 12. ആരതി

ഈ സമയത്ത് എല്ലാവരും
"ഓം നമോ നാരായണായ"
എന്ന് തുടർച്ചയായി ചൊല്ലുക

# 13. വിവിധ കീർത്തനങ്ങൾ

## ശ്രീഗണാധിപ

ശ്രീഗണാധിപ നാഥാ ജയാ ജയ
ആശ്രയം മമ നീയേ ഗജാനനാ
പാർത്തുനിൻപദതാരിൽതൊഴുന്നു ഞാൻ
ഗണനാഥാ...

(ശ്രീഗണാധിപ...)

എത്ര നാളിഹ ത്വൽപാദസന്നിധൗ
എത്തിടാനഹം നിത്യം ഭജിക്കുന്നേൻ
അല്ലലാകവേ സത്യപാരായണാ
നിക്കവേണം...

(ശ്രീഗണാധിപ...)

ആഹു വാഹന പാപ വിനാശന
പാവന ശ്രീപരമേശ്വരാത്മജ
പാർത്തു നിൻപദതാരിൽതൊഴുന്നു ഞാൻ
ഗണനാഥാ...

(ശ്രീഗണാധിപ... )

വെള്ളിമാമല തന്നിൽവിളങ്ങിന
ശങ്കരാത്മജ നീയേ ഗജാനനാ
എള്ളോളം കൃപനൽകേണമേ എന്നിൽ
ഗണനാഥാ...

(ശ്രീഗണാധിപ... )

## ഗുരുസ്തവം

നാരായണ മൂർത്തേ । ഗുരുനാരായണമൂർത്തേ ।
നാരായണ മൂർത്തേ । ഗുരുനാരായണമൂർത്തേ ।

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാംവഴികാട്ടും ഗുരുവല്ലോ പരദൈവം
ആരാദ്ധ്യനതോർത്തീടുകിൽഞങ്ങൾക്കവിടുന്നാംനാരായണ മൂർത്തേ ।
ഗുരുനാരായണമൂർത്തേ । (നാരായണ)

അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെവെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായിനിനച്ചൊക്കെയിലും ഞങ്ങൾഭജിപ്പു
നിൻപാവനപാദം ഗുരുനാരായണമൂർത്തേ ।  (നാരായണ)

അന്യർക്കു ഗുണംചെയ്വതിനായുസ്സു വപസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്വു
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ ।  (നാരായണ)

വാദങ്ങൾചെവിക്കൊണ്ടു മതപോരുകൾകണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദാദികൾകൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ ।  (നാരായണ)

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽക്കെട്ടിയിഴപ്പൂ
ആഹാ! ബഹുലക്ഷം ജനമങ്ങേത്തിരുനാമ–
വ്യാഹാരബലത്താൽവിജയിപ്പൂ ഗുരുമൂർത്തേ ।  (നാരായണ)

അങ്ങേത്തിരുവുള്ളൂറിയൊരൻപിൻവിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ യോഗം
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻപുകൾപോൽശ്രീഗുരുമൂർത്തേ ।  (നാരായണ)

നാരായണ മൂർത്തേ ।  ഗുരുനാരായണമൂർത്തേ ।
നാരായണ മൂർത്തേ ।  പരമാചാര്യ നമസ്തേ ।

(മഹാകവി കുമാരനാശാൻരചിച്ചത്)

## ഈശ്വരാ ശ്രീനാരായണ

ഈശ്വരാ ശ്രീനാരായണ
അങ്ങേക്കാണുന്നു ഞാനെന്നും ഈശ്വരാ...
അങ്ങെ കാരുണ്യം ഞങ്ങളിലേകണേ...
അങ്ങു കാത്തുകൊള്ളേണമേ ദൈവമേ...

നേർവഴി കാട്ടിയൊരീശ്വരാ
ഞങ്ങൾക്കാശ്രയമെപ്പോഴുമീശ്വരാ...

ആശാപാശത്തെ അകറ്റിയോ...
രാശ്രയം നൽകണേ ഈശ്വരാ (ഈശ്വരാ)

ചെമ്പഴന്തി ഭുവിജാതനേ...
അരുവിപ്പുറം ഗുരുദേവനേ...
ശിവഗിരിവാസാ ശ്രീ ദേവനേ
എൻറെ നാരായണ ഗുരുദൈവമേ (ഈശ്വരാ)

ഭാരതഭൂവിൽജനിക്കയാൽ...
പാരിൽസുകൃതിയായ് തീർന്നു ഞാൻ
അറിയാതെ പാപങ്ങൾചെയ്തു ഞാൻ
എൻപാപം തീർക്കണേ ദൈവമേ (ഈശ്വരാ)

നാരായണ ഗുരുദൈവമേ...
ഞങ്ങൾക്കാശ്രയം വേറില്ല ദൈവമേ
ആശ്രിതവത്സലാ ദൈവമേ
ഞങ്ങൾക്കാശ്രയം നൽകണേ ദൈവമേ... (ഈശ്വരാ)

## ശംഭോ മഹാദേവ

ശംഭോ മഹാദേവ സദാശിവാ
അംബുജ നയനാ നാരായണാ
ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

പന്നഗഭൂഷണ സദാശിവാ
പന്നഗശയനാ നാരായണാ
ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

കൈലാസവാസാ സദാശിവാ
വൈകുണ്ഠവാസാ നാരായണാ
ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

ഗൗരിസമേതാ സദാശിവാ
ലക്ഷ്മിസമേതാ നാരായണാ

ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

പാർവതിരമണാ സദാശിവാ
പാപവിമോചന നാരായണാ
ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

ശംഭോ മഹാദേവ സദാശിവാ
അംബുജ നയനാ നാരായണാ
ഹരഓം ഹരഓം സദാശിവാ
ഹരിഓം ഹരിഓം നാരായണാ

## സ്വാമിശരണം

സ്വാമിശരണം ശരണമെൻറയ്യപ്പാ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ
ഹരിഹരസുതനേ ശരണം പൊന്നയ്യപ്പാ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പാ...... (സ്വാമി ശരണം)

ഹരിശ്രീതൻമുത്തുകൾവിരൽപ്പൂവിൽവിടർത്തിയ
ഗുരുവിൻറെ ശ്രീപാദങ്ങൾവണങ്ങി
ശിരസ്സതിൽഇരുമുടിക്കെട്ടുകളും താങ്ങി...... (ഹരിശ്രീ..)

എരുമേലിൽപേട്ടതുള്ളും കന്നി അയ്യപ്പന്മാർഞ്ഞങ്ങൾ
ക്കൊരുജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ! അയ്യപ്പാ സ്വാമി അയ്യപ്പാ! (സ്വാമി ശരണം)

മനസ്സിൻറെ ചെപ്പിൽനിന്നും അഴുതയിൽനിന്നും ഞങ്ങൾ
കനകവും പവിഴവും പെറുക്കി
അവയൊക്കെ കല്ലിടും കുന്നിലിട്ടു വണങ്ങി...... (മനസ്സിൻറെ..)

കരിമല മടിയിലെ തീർത്ഥകരായ് നിൽക്കും ഞങ്ങൾ
ക്കൊരുജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ! അയ്യപ്പാ സ്വാമി അയ്യപ്പാ! (സ്വാമി ശരണം)

ഭഗവാനുമൊരുമിച്ചു പമ്പയിൽവിരിവച്ചു
ഭജനസങ്കീർത്തനങ്ങൾപാടി സദ്യയുണ്ടു

പമ്പവിളക്കും കണ്ടു മടങ്ങി...... (ഭഗവാനുമൊരു..)

ശബരിപീഠത്തിലെത്തി ശരണംവിളിക്കും ഞങ്ങൾ
ക്കൊരുജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ! അയ്യപ്പാ സ്വാമി അയ്യപ്പാ! (സ്വാമി ശരണം)

കഴുത്തിൽരുദ്രാക്ഷവുമായ് മകരസംക്രമ സന്ധ്യ
കനകാഭിഷേകം ചെയ്യും നടയിൽ– അവിടുത്തെ
അനശ്വര ചൈതന്യത്തിൻനടയിൽ...... (കഴുത്തിൽ..)

പതിനെട്ടാം പടികേറി ഭഗവാനെത്തൊഴും ഞങ്ങൾ
ക്കൊരുജാതി ഒരു മതം ഒരു ദൈവം
അയ്യപ്പാ സ്വാമി അയ്യപ്പാ! അയ്യപ്പാ സ്വാമി അയ്യപ്പാ! (സ്വാമി ശരണം)

## രാമ രാമ

രാമ രാമ രാമ രാമ രാമ രാമ പാഹിമാം
രാമ പാദം ചേരണേ മുകുന്ദ രാമ പാഹിമാം (രാമ രാമ..)

രാമകൃഷ്ണ വാസുദേവ ഭക്തി മുക്തി ദായകാ
കാമ കോമളാകൃതേ ഹരേമുകുന്ദ പാഹിമാം (രാമ രാമ..)

ദശരഥൻറെ പുത്രനായ് അയോദ്ധ്യകണ്ടദേവനേ
ദശമുഖാന്തകാ മുകുന്ദ രാമ രാമ പാഹിമാം (രാമ രാമ..)

മൈഥിലിക്ക് യോഗ്യനായി വില്ലൊടിച്ച വീരനേ
മൈത്രിയോടെ വാനരപ്പട നയിച്ച ധീരനെ (രാമ രാമ..)

യാഗരക്ഷചെയ്തു ലോക ശാന്തി നേടിടാനായ്
രാക്ഷസരെ നിഗ്രഹിച്ച രാമ രാമ പാഹിമാം (രാമ രാമ..)

അജ്ഞനേയ പുത്രനേ സ്വമിത്രമായി കണ്ടൊരു
ഇന്ദ്രപൂജിതാ മുകുന്ദ രാമ രാമ പാഹിമാം (രാമ രാമ..)

# കൃഷ്ണ കൃഷ്ണ

കൃഷ്ണ കൃഷ്ണാ മുകുന്ദാ ജനാർദ്ദനാ
കൃഷ്ണ ഗോവിന്ദ നാരായണാ ഹരേ
അച്ചുതാനന്ദ ഗോവിന്ദ മാധവാ
സച്ചിതാനന്ദ നാരായണാ ഹരേ
ഉച്ചരിക്കായ് വരേണം നിൻനാമങ്ങൾ
വിശ്വനായകാ വിഷ്ണോ നമസ്തുതേ (കൃഷ്ണ കൃഷ്ണാ..)

ഗുരുനാഥൻതുണചെയ്തു സന്തതം
തിരുനാമങ്ങൾനാവിന്മേലെപ്പൊഴും
പിരിയാതെയിരിക്കുന്ന നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ (കൃഷ്ണ കൃഷ്ണാ..)

ഇന്നലെ യോളമെന്തെന്നറിഞ്ഞിലാ
ഇനി നാളെയുമെന്തെന്നറിഞ്ഞിലാ
ഇന്നീക്കണ്ട തടിയ്ക്കു വിനാശവും
ഇന്ന നേരമന്നേതു മറഞ്ഞില (കൃഷ്ണ കൃഷ്ണാ..)

കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ – തോളിൽ
മാറാപ്പു കേറ്റുന്നതും ഭവാൻ (കൃഷ്ണ കൃഷ്ണാ..)

കണ്ടാലൊട്ടറിയിന്നു ചിലരിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ
കണ്ടതൊന്നുമേ സത്യമല്ലന്നതും
മുൻപേ കണ്ടങ്ങറിയുന്നതും ചിലർ
നമ്മേയൊക്കെയും ബന്ധിച്ചു സാധന
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ (കൃഷ്ണ കൃഷ്ണാ..)

മുന്നമിക്കണ്ട വിശ്വമശേഷവും –
മൊന്നായുള്ളൊരു ജോതി സ്വരൂപമായ്
കാലമിന്നു കലിയുഗമല്ലയോ –
ഭാരതമി പ്രദേശവുമല്ലയോ
കുടിയല്ലാ പിറക്കുന്ന നേരത്തു
കുടിയല്ലാ മരിക്കുന്ന നേരത്ത്
മത്സരിയ്ക്കുന്നതെന്തിനു നാം വൃഥാ (കൃഷ്ണ കൃഷ്ണാ..)

# 14. ഈശരപ്രാർത്ഥന

**പല്ലവി:**

ധ്യാനത്തിലെൻറെ ഹൃദയം ലയമാർന്നിടട്ടെ
ധ്യാനത്തിലെൻറെ ഹൃദയം ലയമാർന്നിടട്ടെ
ദൈവത്തിനൊത്ത ഗുരുവര്യനെയും വരിച്ചു
ധ്യാനത്തിലെൻറെ ഹൃദയം ലയമാർന്നിടട്ടെ

(കീർത്തനത്തിൻറെ തുടർന്നുള്ളഭാഗം ചൊല്ലിത്തരുമ്പോൾ
ഈ നാലുവരികൾആവർത്തിക്കുക)

# 15. ഭവന പ്രാർത്ഥന

ഗുരുദേവാ ദേവാ ഗുരുദേവാ ദേവാ
ദുരിത നാശനാം ഗുരുദേവാ...
ദുരിതം നീക്കിയീ ഭവനത്തിൽശാന്തി–
യരുളേണേ നിത്യം ഗുരുദേവാ (ഗുരു...)

അറിവില്ലായ്മയാലഖിലേശാ തെറ്റു
പലതും ചെയ്തുപോയറിയാതെ
അവയെല്ലാം ക്ഷമിച്ചവരിൽകാരുണ്യ–
മരുളേണേ നിത്യം ഗുരുദേവാ (ഗുരു...)

ഗൃഹനാഥൻഭാര്യസുതബന്ധുക്കളൊ–
ത്തിവിടെയീ വീട്ടിൽകഴിയുമ്പോൾ
പരസ്പരസ്നേഹം സുഖവും ശാന്തിയും–
മരുളേണേ നിത്യം ഗുരുദേവാ (ഗുരു...)

ഇവിടെ ഞങ്ങളീ സ്തുതിഗീതങ്ങൾ
കൊണ്ടവിടുത്തെ പാടിപുകഴ്ത്തുന്നു
അവിടുന്നിങ്ങെത്തി യിവരെയെപ്പോഴും
അഖനം ചെയ്യണം ഗുരുദേവാ (ഗുരു...)

ധനവുമാരോഗ്യം മമത ഞങ്ങളിൽ
കരുണയും നൽകി രക്ഷിച്ചു
അനുദിനം ചേർന്നു വിളങ്ങീടുവാനാ–
യനുഗ്രഹിക്കണം ഗുരുദേവാ (ഗുരു...)

# 16. ഗദ്യപ്രാർത്ഥന

കാണപ്പെടുന്നതൊക്കെയും സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ മൂന്നുരൂപങ്ങളോടു കൂടിയതും, പരമാത്മാവിൽ നിന്നുമുണ്ടായി അതിൽതന്നെ ലയിക്കുന്നതുമാകുന്നു. അതിനാൽപരമാത്മാവല്ലാതെ വേറൊന്നുമില്ല. സകലപാപങ്ങളേയും നശിപ്പിക്കുന്ന – വറത്തുകളയുന്ന – പരമാത്മാവിന്റെ യാതൊരു സ്വരൂപം എന്റെ ബുദ്ധിയെ തെളിച്ച് നല്ലവഴിയെ കൊണ്ടുപോകുമോ, ധ്യാനിക്കേണ്ടതായ പരമാത്മാവിന്റെ ആ ദിവ്യരൂപത്തെ ഞാൻധ്യാനിക്കുന്നു.

അല്ലയോ പരമാത്മാവേ ! ഇപ്രകാരം ഇടവിടാതെ എനിക്കു അങ്ങയെ ധ്യാനിക്കുന്നതിനും അങ്ങയുടെ പരമാനന്ദം ലഭിക്കുന്നതിനും അങ്ങയുടെ അനുഗ്രഹം എന്നിൽഉണ്ടാകേണമേ !

അല്ലയോ ദൈവമേ ! കണ്ണുകൊണ്ട് കാണുന്നതൊന്നും നിത്യമല്ല. ശരീരവും നീർകുമിളപോലെ നിലയറ്റതാകുന്നു. എല്ലാം സ്വപ്ന തുല്യമെന്നല്ലാതെ ഒന്നും പറയുവാനില്ല. നാം ശരീരമല്ല അറിവാകുന്നു. ശരീരമുണ്ടാകുന്നതിനു മുൻപിലും അറിവായ നാം ഉണ്ടായിരുന്നു. ഇനി ഇതൊക്കെയും ഇല്ലാതെ പോയാലും നാം ഇപ്രകാരം പ്രകാശിച്ചുകൊണ്ടുതന്നെയിരിക്കും ജനനം, മരണം, ദാരിദ്ര്യം, രോഗം, ഭയം ഇതൊന്നും നമ്മെ തീണ്ടുകയില്ല. ഇപ്രകാരം ഉപദേശിക്കപ്പെടുന്ന തിരുവാക്കുകളേയും, ഈതിരുവാക്കുകളുടെ ഉപദേഷ്ടാവായ പരമാത്മാവിനേയും ഞാൻഊണിലും ഉറക്കത്തിലും ഇടവിടാതെ എല്ലായ്പ്പോഴും ചിന്തിക്കുമാറാകേണമേ !

നീ എന്റെ സകലപാപങ്ങളേയും കവർന്നെടുത്തുകൊണ്ട് എനിക്ക് നിന്റെ പരമാനന്ദം തരേണമേ !

എന്റെ വാസംകഷ്ടപ്പാടുകൂടാതെ കഴിഞ്ഞു കൂടുന്നതിനും ഒടുവിൽനിന്റെ പരമപദം പ്രാപിക്കുന്നതിനും നിന്റെ അനുഗ്രഹം എന്നിൽഉണ്ടാകേണമേ !

# 17. പ്രഭാഷണം / ഗുരുദേവ ജീവചരിത്ര പാരായണം

# 17a. മോക്ഷപ്രാർത്ഥന

ദൈവമേ സച്ചിദാനന്ദ
ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ സായൂജ്യം
പരേതാത്മാവിനേകണേ

ഓരുന്നില്ലൊന്നുമീ ഞങ്ങൾ
പോയാൾക്കുള്ള ഗതാഗതം
എല്ലാം നിന്നിൽ സമർപ്പിപ്പൂ
കാത്തുകൊള്ളുകദൈവമേ

പാപമോചനമുണ്ടാവാൻ
പുണ്യവൃദ്ധി ഭവിക്കുവാൻ
ദൈവമേ നിന്റെ കാരുണ്യം
പരേതാത്മാവിനേകണേ

നീയയക്കുന്നു നിർത്തുന്നു
നീ വിളിക്കുന്നു ദേഹിയെ
നിന്റെയിച്ഛയ്ക്കുകീഴ്പ്പെട്ടു
ഞങ്ങൾ വാഴുന്നു ദൈവമേ

നിന്റെ നാമം മഹാമന്ത്രം
നിന്റെ ധ്യാനം മഹാക്രിയ
നീ താൻ പുരോഹിതൻ ദേവാ
സർവ്വ കർമ്മൈക സാക്ഷി നീ

എല്ലാമൊടുക്കംവന്നൈ–
ക്യമടയും ശാന്തിധാമമാം
ദൈവമേ നിന്റെ സായൂജ്യം
പരേതാത്മാവിനേകണേ

ദൈവമേ സച്ചിദാനന്ദ
ദൈവമേ ഭക്തവത്സലാ
ദൈവമേ നിന്റെ സായൂജ്യം
പരേതാത്മാവിനേകണേ

# 18. ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു കൈവിടാതിങ്ങു ഞങ്ങളെ,
നാവികൻനീ ഭവാബ്ധിക്കൊരാവി വൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചുഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും ആഴവും പോലെ ഞങ്ങളും
മായയും നിൻമഹിമയും നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാവായതും, സൃഷ്ടിജാലവും
നീയല്ലോ ദൈവമേ, സൃഷ്ടിക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും, മായാവിയും, മായാവിനോദനും
നീയല്ലോ മായയേ നീക്കി സായൂജ്യം നൽകുമാര്യനും.

നീ സത്യം, ജ്ഞാനമാനന്ദം നീതന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറല്ലോതും മൊഴിയുമോർക്കിൽനീ.

അകവും പുറവും തിങ്ങും മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു ഭഗവാനേ, ജയിക്കുക.

ജയിക്കുക മഹാദേവാ ദീനവനപരായണ
ജയിക്കുക ചിദാനന്ദ, ദയാസിന്ധോ, ജയിക്കുക.

ആഴമേറും നിൻമഹസ്സാമാഴിയിൽഞങ്ങളാകവേ
ആഴണം വാഴണം നിത്യം വാഴണം വാഴണം സുഖം.

# 19. സമർപ്പണം

ഓം നമാമി നാരായണ പാദ പങ്കജം
കരോമി നാരായണ പൂജനം സദാ
വദാമി നാരായണ നാമ നിർമ്മലം
സ്മരാമി നാരായണ തത്ത്വമവ്യയം

ഓം അന്യഥാ ശരണം നാസ്തി ത്വമേവ ശരണം മമ
തസ്മാത് കാരുണ്യഭാവേന രക്ഷ രക്ഷ മഹാഗുരോ

ഓം ശിവഗിരി ശിഖരാഗ്രേ ദിവ്യപത്മാസനസ്ഥം
വരദമഭയഹസ്തം പാപ വിധ്വംസപാദം
സുജന നികരസേവ്യം ചാരു കാരുണ്യനേത്രം
കലികലുഷവിനാശം നൗമിനാരായണാഖ്യം

കായേന വാചാ മനസ്സേന്ദ്രിയൈർവ്വാ
ബുദ്ധ്യാത്മനേ വാ പ്രകൃതേ സ്വഭാവാത്
കരോമിയദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി!

ഓം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

ഓം പൂർണ്ണമദഃ പൂർണ്ണമിദം
പൂർണ്ണാത് പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# Prayer Book

**Sree Narayana Mission Center**
Washington, DC